# അമ്മ ഭവനത്തിലെ സ്നേഹദീപം!

**തോമസ് ഫിലിപ്പ് പാറക്കമെണ്ണിൽ റാന്നി**

**അ**മേരിക്കൻ ജനത ആദരവോടുകൂടി അമ്മമാരെ ഓർക്കുകയും അത്ഭുതകരമായ അവരുടെ സ്നേഹത്തിന് മക്കൾ നന്ദിയും പാരിതോഷികങ്ങളുമൊക്കെ നൽകി പരസ്പരമായി സന്തോഷം പങ്കുകൊള്ളുന്ന സുന്ദരസുദിനമാകുന്ന മെയ് 13-ലെ മദേഴ്സ് ഡേ. പല ലോക രാഷ്ട്രങ്ങളും മദേഴ്സ് ഡേ ആഘോഷിക്കുന്നു. ഇംഗ്ലണ്ടിൽ 'Mothering Day' ആയി ഇതാഘോഷിക്കപ്പെടുന്നു. പുരാതനകാലം മുതൽ ആർഷഭാരതവും മാന്യവും ആദരണീയവുമായ ഒരു സ്ഥാനമാണ് മാതാവിന് നൽകപ്പെട്ടുപോരുന്നത്. വിശ്രുതമായ മഹാഭാരത യുദ്ധത്തിന് പോകുന്നതിന് മുമ്പായി ദുര്യോധനൻ മാതാവായ ഗാന്ധാരിയുടെ സമീപത്തെത്തി അനുഗ്രഹം ചോദിക്കുന്ന സംഭവം മാനവരാശിയ്ക്ക് മുഴുവൻ മാതൃകയാണ്.

അമ്മ എത്ര പ്രിയങ്കരവും മധുരമനോഹരവുമായ ശബ്ദം! ദൈവം കഴിഞ്ഞാൽ ഭൂമിയിൽ നിസ്വാർത്ഥമായ സ്നേഹത്തിന്റെ ഉറവിടമായി, പ്രകാശദാരമായി, മക്കൾക്കും കൊച്ചുമക്കൾക്കും മറ്റു കുടുംബാംഗങ്ങൾക്കും സാന്ത്വനവും ആശ്വാസവും ആനന്ദവും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന അമ്മയെപ്പോലെ ആരാധ്യയായ മറ്റൊരു സ്നേഹവും ലോകത്തിൽ ഇല്ല! അത്രയ്ക്ക് അതുല്യസുന്ദരവും പരിശുദ്ധവുമാകുന്നു അമ്മ എന്നുള്ള ആ പദം!

ഇന്നേക്ക് 33 വർങ്ങൾക്ക് മുമ്പായി 1985 ഒക്ടോബർ 30-ന് കങ്ങഴ എം.ജി.ഡി.എം. ആശുപത്രിയിൽ വച്ച് അന്തരിച്ച എന്റെ മാതാവിന്റെ ത്യാഗസുരഭിലമായ ജീവിതത്തെയും സ്നേഹത്തെയും കരുതലിനെയുമൊക്കെ മക്കൾക്കാർക്കും മറക്കാവുന്നതല്ല. ഹോസ്പിറ്റലിലെ കുളിമുറിയിലേക്ക് ചുമയുള്ള ഞാൻ കുളിക്കാൻ പോകുന്ന വിവരം മനസ്സിലാക്കിയ എന്റെ മാതാവ് മരിക്കുന്ന ദിവസം എന്നെ വിളിച്ച് ചൂടുവെള്ളത്തിലേ കുളിക്കാവൂ എന്ന് ഉപദേശിച്ച സ്നേഹനിധിയായിരുന്ന ആ അമ്മയുടെ മക്കളെപ്പറ്റിയുടെ കരുതലിനെ ആശ്ചര്യത്തോടു കൂടിയാണ് ഞാൻ ഇന്നും ഓർക്കുന്നത്. എന്റെ മാതാവിനെ ശരിയായി അറിയാവുന്ന ഒരു വൈദികൻ അമ്മയുടെ ശവസംസ്ക്കാരത്തിനു ശേഷം എന്നോട് ഇങ്ങനെ പറഞ്ഞു: "Your monther was a wonderful Lady" എന്ന്. എന്റെ മാതാവ് മരിക്കുന്ന ദിവസം മരണക്കിടക്കയുടെ ചുറ്റുമായി ദുഃഖാകുലരായി നിന്ന മക്കളോടും മരുമക്കളോടും മറ്റു കുടുംബാംഗങ്ങളോടുമായി സുബോധത്തോടുകൂടി ഭക്തയായി ജീവിച്ച ആ സാദ്ധ്വി പറഞ്ഞു 'എന്നെപ്പറ്റി നിങ്ങൾ ദുഃഖിക്കേണ്ട; ഞാൻ നഷ്ടപ്പെടുകയില്ല'. അക്കരനാട്ടിൽ വെച്ച് നമുക്ക് വീണ്ടും കാണാമെന്ന പ്രത്യാശയിലും വിശ്വാസത്തിലും ശ്രേഷ്ഠമായ ക്രിസ്തീയജീവിതം നയിച്ച് കടന്നുപോയ ആ ധന്യശീലയായിരുന്ന മാതാവിന്റെ ജീവിതം മക്കളായ ഞങ്ങൾ ആറ് പുത്രന്മാരെയും ഏക പുത്രിയെ സംബന്ധിച്ചും ഒരിക്കലും മറക്കാനാവാത്ത ഉത്കൃഷ്ട സ്നേഹത്തിന്റെ മഹനീയ മാതൃകയാണ് മരിക്കുവോളം.

എന്റെ അമ്മ മാത്രമല്ല, പ്രായേണ എല്ലാ അമ്മമാരും ഉമ്മമാരും അവരുടെ മക്കള ജീവനുതുല്യം സ്നേഹിച്ച് പോറ്റിപ്പുലർത്തിയവരും, പോറ്റിപ്പുലർത്തുന്നവരും തന്നെയാകുന്നു. പാശ്ചാത്യരാജ്യങ്ങളിൽ മാത്രമാകുന്നു മാതാപിതാക്കളും മക്കളുമായിട്ടും ഭാര്യയും ഭർത്താവുമായിട്ടുള്ളതുമായ പവിത്രബന്ധങ്ങൾക്ക് യാതൊരു മൂല്യവും മാന്യതയും ഇല്ലാതായിക്കൊണ്ടിരി

ക്കുന്നത്. എന്നാൽ മുമ്പുണ്ടായിരുന്ന മനുഷ്യബന്ധങ്ങൾക്കും ധാർമ്മികമൂല്യങ്ങൾക്കുമൊക്കെ ഗണ്യമായ മാറ്റങ്ങളും തകർച്ചയുമാണ് ഇന്ന് കേരളത്തിലും ഇന്ത്യയിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. അമ്മയുടെയും അപ്പന്റെയും വിലയും മാന്യതയും ആദരവുകളും ഇന്ന് ദയനീയമാം വിധം ഇടിഞ്ഞുപോയിരിക്കുന്നു! എത്ര അപ്പന്മാർ മക്കളാലിന്ന് കൊല്ലപ്പെടുന്നു!

ഭവനത്തിൽ സാക്ഷാൽ ദീപവും അനുഗ്രഹവുമായി ശോഭിച്ചിരുന്ന എത്രയോ അമ്മമാർ മക്കളാൽ അവഗണിതരായും, നിന്ദിതരും രോഗികളും ക്ഷീണിതരും വിസ്മൃതരുമായി ഇന്ന് അവരുടെ കൂരകളിലും വലിയ ഭവനങ്ങളിലുമായി തികച്ചും നിസ്സഹായരായി വീൽചെയറുകളിലും കട്ടിലുകളിലുമായി ഇഴഞ്ഞ് ജീവിക്കുന്നുണ്ട്. അവരുടെ പ്രിയമക്കളോ വിദേശരാജ്യങ്ങളിൽ തിന്നുകുടിച്ച് ആടിപ്പാടി ഉല്ലസിച്ച് ജീവിക്കുന്നു. എന്നിട്ടും ഈ അമ്മമാർ തങ്ങളുടെ ഈ മക്കളുടെ നന്മയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു. എന്റെ മാതാവും പകലത്തെ അദ്ധ്വാനമൊക്കെ കഴിഞ്ഞ് രാത്രി 10 മണിക്ക് കുത്തിയിരുന്ന് മറുനാടുകളിലും വിദേശങ്ങളിലുമൊക്കെ കഴിയുന്ന മക്കൾക്കുവേണ്ടി ആളാംപ്രതി കത്തുകൾ എഴുതിയ അയയ്ക്കാറുണ്ടായിരുന്നു. ഇറുപ്പവനും മലർ ഗന്ധമേകുന്ന, വെട്ടുന്നവനും തരു ചൂടകറ്റുന്ന, ഹനിപ്പവനും കിളി പാട്ടു പാടുന്നതുമായ സാക്ഷാൽ സ്നേഹം ഇതാണ്! മാതൃസ്നേഹം! മറ്റുള്ളത് അധികവും സ്വാർത്ഥതയ്ക്കുവേണ്ടിയുള്ള തട്ടിപ്പു സ്നേഹമാകുന്നു. വിവാഹിതയായ മല്ലപ്പള്ളിക്കാരി ഒരു അമേരിക്കൻ മലയാളി യുവതി കാമുകനെ കിട്ടാൻ വേണ്ടി അവന്റെ ഭാര്യയെ കൊല്ലാൻ ക്വട്ടേഷൻ കൊടുത്ത് പിടിക്കപ്പെട്ട് സ്വജീവിതത്തെ തകർത്തുകളഞ്ഞിരിക്കുന്നു. ഇതുപോലുള്ള മറ്റൊരു മിടുക്കൻ ക്വട്ടേഷൻ മലയാളി ഇപ്പോൾ ന്യൂയോർക്ക് ജയിലിൽ കിടക്കുന്നുണ്ട്. എന്തൊരു സ്നേഹവും പ്രേമവും ജീവിതദർശനവും ഇന്ന് മലയാളി പെണ്ണിന്റേയും ആണിന്റേയും! ആർക്ക് ആരേ ഇന്ന് വിശ്വസിക്കാം? കൂട്ടുകാരെ വിശ്വസിക്കാമോ? സ്വന്തക്കാരെ വിശ്വസിക്കാമോ? അമ്മയെ വിശ്വസിക്കാമോ? അപ്പന്മാരെ വിശ്വസിക്കാമോ? മക്കളെ വിശ്വസിക്കാമോ? ഭാര്യയെ വിശ്വസിക്കാമോ? ഭർത്താക്കന്മാരെ വിശ്വസിക്കാമോ? ആത്മീയ നേതാക്കന്മാരെ വിശ്വസിക്കാമോ? 1000-ൽ ഒരുത്തിയെ, 1000-ൽ ഒരുത്തനെ വിശ്വസിക്കാമോ? മനഃസാക്ഷിയും നിസ്വാർത്ഥസ്നേഹവും ദൈവവും ഹൃദയത്തിലുള്ളവരെ ആർക്കും വിശ്വസിക്കാം. അങ്ങനെയുള്ള സുകൃതാത്മാക്കളാകുന്നു കൂടെക്കൂടെ നമ്മേ ഫോണിൽ വിളിച്ച് ക്ഷേമങ്ങളൊക്കെ അന്വേഷിക്കുന്നതും.

ആരാണ് അമ്മ? വേണ്ട വിശ്രമം പോലും കിട്ടാതെ പ്രാഭാതം മുതൽ ജോലികൾ തീരുന്നതു വരെ കുടുംബാംഗങ്ങൾക്കും ചിലപ്പോൾ അതിഥികൾക്കുവേണ്ടിയും ആത്മാർത്ഥമായ സേവനങ്ങൾ ചെയ്തു ജീവിക്കുന്ന അമ്മമാരെ എത്ര ആശ്ലേഷിച്ചാലും ആദരിച്ചാലും മതിയാകയില്ല. ഒരു പുരുഷന്റെ അദ്ധ്വാനത്തിന്റെയും കഷ്ടപ്പാടുകളുടെയും വേദനകളുടെയും ദുഃഖങ്ങളുടെയും പലമടങ്ങ് ഭാരം പരാതിയും പരിഭവമില്ലാതെ ചുമന്ന് ജീവിക്കുന്നവരാകുന്നു. ഭാര്യയായും അമ്മയായും പുത്രിയായുമൊക്കെയായി അറിയപ്പെടുന്ന സ്ത്രീ എന്നുള്ള മഹൽസത്യം പുരുഷവർഗ്ഗം സാന്നിദ്ധ്യത്തിന്റെയും സേവനത്തിന്റെയും യഥാർത്ഥവില മനുഷ്യനറിയുന്നത് ആ സ്നേഹദീപം നമ്മുടെ ഭവനങ്ങളിൽ നിന്നും അണഞ്ഞുപോകുമ്പോൾ മാത്രമാണ്. എല്ലാ സ്ത്രീകളും ഭവനത്തിൽ ദീപങ്ങളല്ല.

ഒരു ഓമനപ്പൈതലിന്റെ അമ്മ ഇല്ലാത്തതിന്റെ ഉൽക്കടമായ ദുഃഖത്തെ ഒരു കവി വർണ്ണിക്കുന്നത് ശ്രദ്ധിക്കുക-

അമ്മയെങ്ങമ്മയെങ്ങന്നൊരുൽക്കണ്ഠയാൽ
അമ്മിണിപ്പൈതലിനസ്വാസ്ഥ്യമെപ്പോഴും
മല്ലികക്കുണ്ടമ്മ, മാലതിക്കുണ്ടമ്മ
കല്യാണകൃഷ്ണനുമമ്മയുണ്ടെപ്പോഴും
തന്നമ്മയൊന്നിങ്ങോട്ടു വന്നിരുന്നെങ്കി-
ലെന്നഞ്ഞൂറുവട്ടം വിചാരിക്കുമോമന!
വന്നെങ്കിലോടിക്കിതച്ചു ഞാൻ
ചെന്നമ്മ ചേല തൻ തുമ്പത്തു തൂങ്ങിടും.

പല പതിറ്റാണ്ടുകൾക്ക് മുമ്പായി ഞാൻ വായിച്ചിട്ടുള്ള ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറിപ്പിനാൽ വിരചിതമായ ഈ കവിതയുടെ ചില ഭാഗങ്ങൾ പരിമിതമായ എന്റെ ഓർമ്മയിൽ നിന്നു മാത്രമാണ് ഇവിടെ ഞാൻ ഉദ്ധരിച്ചരിക്കുന്നത്. അറിയാവുന്നവർ തിരുത്തിവായിക്കുക.

ഇനിയും ഇത് ദീർഘിപ്പിക്കുന്നില്ല. കാൻസർ മുതലായ മാരക രോഗങ്ങൾ മൂലവും ആകസ്മികമായ അപകടങ്ങളിൽപ്പെട്ടും ഇണയുടെ നീചവും നിഷ്ഠൂരവുമായ ആക്രമണങ്ങൾ മൂലവും നൂറുകണക്കിന് പിഞ്ചുകുഞ്ഞുങ്ങൾക്ക് അവരുടെ പ്രിയപ്പെട്ട അമ്മമാർ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നിരപരാധികളായ ഈ കുഞ്ഞുങ്ങളുടെ സങ്കടം ആരറിയുന്നു! അതുപോലെ ലക്ഷക്കണക്കിന് വൃദ്ധരായ മാതാപിതാക്കൾ രോഗികളും നടക്കാൻ വയ്യാത്തവരും ദുഃഖിതരുമായി കേരളത്തിലെ പല വീടുകളിലും അനാഥാലയങ്ങളിലുമൊക്കെയായി കഴിയുന്നുണ്ട്. ഒരിറ്റ് സ്നേഹത്തിനു വേണ്ടി ദാഹിക്കുന്ന ബഹുമില്യൻ മാതാപിതാക്കൾ ഇന്ന് ലോകത്തിലുണ്ട്. അവർക്ക് വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

മക്കളെയും കൊച്ചുമക്കളെയും താലോലിച്ച് വളർത്തി അവരുടെ ജീവിതങ്ങളെ സാർത്ഥകവും സന്തുഷ്ടപൂർണ്ണവുമാക്കിത്തീർക്കുവാൻ സർവ്വേശ്വരനാൽ നിയോഗിക്കപ്പെട്ട അംഗനമാരേ, അമ്മമാരേ ദൈവം നിങ്ങളെ മാനിക്കുന്നു! ആദരിക്കുന്നു! ദൈവത്താൽ നിങ്ങൾ അനുഗ്രഹീതരുമാകുന്നു! ഈ ശ്രേഷ്ഠമായ മദേഴ്സ് ഡേ ആഘോഷവേളയിൽ ലോകത്തിലെ എല്ലാ അമ്മമാർക്കും ഹൃദയംഗമമായ എന്റെ സ്നേഹാഭിവാദനങ്ങൾ! ആദരവുകൾ! ഹാപ്പി മദേഴ്സ് ഡേ!

***********